(Pages : 5) **ME 501**

Sl. No.

# SSLC MODEL EXAMINATION, FEBRUARY - 2018.

## MALAYALAM

First Language - Paper I

Time : 1½ Hours | Total Score : 40

**പൊതുനിർദ്ദേശങ്ങൾ :**

- ആദ്യത്തെ പതിനഞ്ച് മിനിട്ട് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങൾ ശരിയായി വായിച്ചു മനസ്സിലാക്കിയതിനുശേഷം മാത്രം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**Score**

1 മുതൽ 3 വരെ ചോദ്യങ്ങൾക്ക് ശരിയുത്തരം വലയത്തിൽ നിന്നും തെരഞ്ഞെടുത്ത് എഴുതുക. (ഒരോന്നിനും ഒരു സ്കോർ വീതം) **1x3=3**

1. "കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!
   ദിഷ്ടമീ വടിവിയന്നു വന്നപോൾ"
   അടിവരയിട്ട ശബ്ദം കാവ്യസന്ദർഭത്തിൽ ധ്വനിപ്പിക്കുന്ന ഭാവം :
   (അദ്ഭുതം, ആശ്വാസം, സങ്കടം, പരിഹാസം)

2. കാവ്യത്തിലെ പാത്രങ്ങൾ കാലപരിണാമമനുസരിച്ച് വൃദ്ധിക്ഷയങ്ങൾ പ്രാപിക്കുന്നു.
   വാക്യസന്ദർഭത്തിലെ വൃദ്ധിക്ഷയങ്ങൾ എന്ന പദത്തിന്റെ വിഗ്രഹാർഥമേത് ?
   (വൃദ്ധിയും ക്ഷയവും, വൃദ്ധിയുടെ ക്ഷയം, വൃദ്ധിയാലുള്ള ക്ഷയങ്ങൾ, വൃദ്ധി തന്നെ ക്ഷയം)

3. "നേരെ നിന്നോടെടോ ഞാൻ പുനരാരെന്നും പറയാം
   പാരിലെന്നെയിന്നാരറിയാതവർ ?"
   ഈ വാക്കുകളിലൂടെ കലി സ്ഥാപിക്കുന്നതെന്ത് ?
   (ലോകത്തിലാർക്കുമെന്നെ അറിയില്ല, പുഷ്കരന് പാരിലാരെയും അറിയില്ല, തന്നെ അറിയാത്തവരായി ലോകത്താരുമില്ല, പുഷ്കരന് തന്നെ അറിയില്ല)

4. - ശകുന്തളയെ കൂട്ടിക്കൊണ്ടുപോകുവാൻ ആളെ അയക്കാമെന്നു പറഞ്ഞു ദുഷ്ഷന്തൻ തിരികെപ്പോയി. **1**
   - ശാപം കാരണം ദുഷ്ഷന്തൻ ശകുന്തളയെ മറന്നുപോയി.

   രണ്ടു വാക്യസന്ദർഭങ്ങളിലെയും അടിവരയിട്ട പദത്തിന്റെ അർഥം കണ്ടെത്തിയെഴുതുക.

P.T.O.

Score

5 മുതൽ 7 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് മാത്രം ഉത്തരമെഴുതുക. 2x2=4

(ഓരോന്നിനും 2 സ്കോർ വീതം)

5. "ഘടികാരത്തിൽനിന്ന് സമയം തുള്ളികളായി താഴേക്കിറ്റുന്ന ശബ്ദം വീണ്ടും ജൂലിയാനയുടെ കാതിൽ മുഴങ്ങാൻ തുടങ്ങി."

- (ഉരുളക്കിഴങ്ങ് തിന്നുന്നവർ)

കഥാസന്ദർഭത്തിൽ, ആ വീടിനകത്ത് ഉറഞ്ഞു കിടക്കുന്ന മൗനത്തിന്റെ തീവ്രത, ഈ വാക്യത്തിൽ പ്രതിഫലിക്കുന്നുണ്ടോ ? നിങ്ങളുടെ നിരീക്ഷണങ്ങൾ കുറിക്കുക.

6. "അതെല്ലാം <u>എരിവും പുളിയും ചേർത്തു</u> പകർത്തി അയച്ച ആ'ഷ്കോൾക്കുട്ടി'യാണ് തന്റെ മുൻപിൽ നിൽക്കുന്നതെന്ന് ആ മാന്യൻ അറിയുന്നില്ല."

- അടിവരയിട്ട ശൈലീ പ്രയോഗത്തിന്റെ സാന്ദർഭികാർഥം വ്യക്തമാക്കുക.

7. "അവന്നു ചുറ്റും ബിംബഭഞ്ജക പരിവേഷ-

മണിയിക്കുവാനേതോ ക്യാമറ കൺചിമ്മുന്നു!"

(മൈക്കലാഞ്ജലോ മാപ്പ്)

– ഈ വരികളിലെ സാമൂഹികവിമർശനം കണ്ടെത്തിയെഴുതുക.

8 മുതൽ 13 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് മാത്രം ഉത്തരമെഴുതുക. 4x5=20

(അരപ്പുറം വീതം - ഓരോന്നിനും 4 സ്കോർ)

8. നമിക്കിലുയരാം നടുകിൽ തിന്നാം

നൽകുകിൽ നേടിടാം

നമുക്കു നാമേ പണിവതു നാകം

നരകവുമതുപോലെ

- (ഉള്ളൂർ)

ഈ കാവ്യഭാഗത്തെ ആശയവുമായി ബന്ധിപ്പിച്ച് മാഡം തലത്തിന്റെ ജീവിതാനുഭവങ്ങളെ വിലയിരുത്തുക.

Score

9. ''എത്ര കൊറ്റക്കുടകൾ, യുഗങ്ങളിൽ

കുത്തിനിർത്തിയ മുത്തണിക്കൂണുകൾ,

അക്കുളമ്പടിയേറ്റു വീണുപോയ്,

അത്രയേറെബ്ഭരണകൂടങ്ങളും!''

- (അശ്വമേധം)

മനുഷ്യന്റെ സർഗശക്തിയുടെ അജയ്യമായ മുന്നേറ്റം വയലാർ ആവിഷ്ക്കരിച്ചിരിക്കുന്നതെങ്ങനെ? കാവ്യഭാഗം വിശകലനം ചെയ്തു കുറിപ്പ് തയാറാക്കുക.

10. "അക്കർമാശി എന്ന എന്റെ ഈ ആത്മകഥയെ ഒരു കലാസൃഷ്ടിയായി ഞാൻ കാണുന്നില്ല. ഇതൊരു നിവേദനമാണ്. ഈ പുസ്തകത്തെ സാമൂഹികമായ അനീതിയുടെ പ്രത്യക്ഷ വിവരണം എന്ന നിലയ്ക്കുമാത്രം കണ്ടാൽ മതി."

ആത്മകഥയെക്കുറിച്ചുള്ള ശരൺകുമാർ ലിംബാളെയുടെ ഈ പ്രസ്താവനയുടെ സാധുത പാഠഭാഗത്തെ ആസ്പദമാക്കി വിലയിരുത്തുക.

11. "വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദുനാ

സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം."

കോപാവേശം കൊണ്ട ലക്ഷ്മണനെ ശാന്തചിത്തനാക്കുന്നതിന് ഇത്തരം ഉപദേശങ്ങൾ എത്രത്തോളം ഉപകരിക്കും ?

കാവ്യഭാഗം വിശകലനം ചെയ്തു നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

12. "യാത്രയുടെയും വേർപാടിന്റെയും ഉറഞ്ഞുകൂടിയ ദുഃഖത്തിന്റെയും കഥയാണ് കടൽത്തീരത്ത്." ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? കഥയിൽ നിന്ന്, തെളിവുകൾ കണ്ടെത്തി പ്രതികരിക്കുക.

13. "രാജാവിന്റെ ഈ വിലാപം കേട്ട ജനസഹസ്രങ്ങൾ കണ്ണും നിറച്ച് അങ്ങുമിങ്ങും പാഞ്ഞുപോയി. ഭൂമിയാകെ ഒരു മുഴക്കത്തോടെ കുലുങ്ങി. ദിക്കുകൾ മങ്ങി."

(യുദ്ധത്തിന്റെ പരിണാമം)

ദുര്യോധനന്റെ വിലാപം പ്രജകളിലും പ്രകൃതിയിലും സൃഷ്ടിച്ച ഈ പ്രതികരണങ്ങളുടെ കാരണങ്ങൾ എന്തെല്ലാമായിരിക്കും ?

നിങ്ങളുടെ നിഗമനങ്ങൾ സമർഥിക്കുക.

Score

14 മുതൽ 16 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിനു മാത്രം ഉത്തരമെഴുതുക. (ഒരു പുറം വീതം ഓരോന്നിനും 6 സ്കോർ) 6x2=12

14. • ഞാനാണ് കഥ, ഞാനെഴുതുന്നത് ഭാഷയും

- തനിക്കുകിട്ടിയ ചവിട്ടും തൊഴിയുമാണ് സ്വാതന്ത്ര്യസമരം. ബഷീർ ചരിത്രത്തെ തന്നെക്കൊണ്ടളക്കുന്നു

- ഉണർന്നു ജീവിക്കുന്ന ഒരു കലാകാരന്റെ ആത്മകഥയാണ് ചരിത്രം.

(ബഷീർകൃതികളെക്കുറിച്ചുള്ള എം.എൻ. വിജയന്റെ ചില നിരീക്ഷണങ്ങളാണിവ.)

ഈ നിരീക്ഷണങ്ങളുടെ വെളിച്ചത്തിൽ അമ്മ എന്ന കഥയ്ക്ക് ഒരു നിരൂപണം തയാറാക്കുക. (ചുവടെ കൊടുത്തിരിക്കുന്ന സൂചനകൾ പ്രയോജനപ്പെടുത്തണം)

- "ഉമ്മാ, ഞാൻ ഗാന്ധിയെ തൊട്ട്!"

- അതു കേട്ടപ്പോൾ എന്റെ ഉള്ള് ആന്തിപ്പോയി. വീരപരാക്രമിയായ ഭഗവത്സിങ്!

- "സ്വാതന്ത്ര്യസമരത്തിൽ എനിക്കും പങ്കുവേണം."

15. "തോൽവികളും തകർച്ചകളും നഷ്ടങ്ങളും അവമാനങ്ങളും സഹിച്ച് ഇങ്ങനെ ജീവിതം തുടരുന്നതിൽ എന്തർഥമാണുള്ളത്"

''ഓരോ ദുരന്തവും ജീവിതത്തെ കൂടുതൽ സ്നേഹിക്കാനാണ് എന്നെ പഠിപ്പിച്ചത്.''

''നന്മയുടെ മൂർത്തിയായി ഒരു ശുദ്ധാത്മാവിനെ സൃഷ്ടിക്കുകയാണ് എന്റെ ലക്ഷ്യം.''

(ആത്മാവിന്റെ വെളിപാടുകൾ)

തന്നിരിക്കുന്നവയും പാഠഭാഗവും വിശകലനം ചെയ്തു 'ദസ്തയേവ്സ്കി എഴുത്തിന്റെ ലോകത്തെ പ്രകാശഗോപുരം' എന്ന ശീർഷകത്തിൽ ഒരു ഉപന്യാസം തയാറാക്കുക.

Score

16. ചുവടെ കൊടുത്തിരിക്കുന്ന കവിതയ്ക്ക് ആസ്വാദനം തയാറാക്കുക. [കവിതയുടെ പ്രമേയം, പ്രയോഗഭംഗി, ചമത്കാരഭംഗി, ജീവിതദർശനം എന്നിവ പരിഗണിക്കണം.]

എന്തിനിന്നും പൂത്തു ?

ഒന്നുമറിയാതെ കണിക്കൊന്ന പൂത്തു വീണ്ടും,
കണ്ണിൽനിന്നുപോയ്മറയാപ്പൊൻകിനാക്കൾപോലെ!

പൊന്നു വയ്ക്കേണ്ടിടത്തൊരു പൂവ്മാത്രം വച്ചു
കൺ തുറന്നു കണികണ്ടു ധന്യരായോർ നമ്മൾ!

പൂവിരിയേണ്ടിടത്തെല്ലാം പൊന്നു തൂക്കാനല്ലോ
പൂതിയിന്നു നമുക്ക്! പൊന്നാശ പൂക്കും നെഞ്ചിൽ!

എങ്കിലുമിക്കണിക്കൊന്ന പൂത്തുനില്പൂ വീണ്ടും,
മൺചിരാതിൽനിന്നഴകിൻ നൂൽത്തിരികൾപോലെ!

ചന്തയിൽനിന്നഞ്ചുരൂപയ്ക്കെന്നയൽക്കാർ വാങ്ങി-
ക്കൊണ്ടുവന്ന കൊച്ചുശീമക്കൊന്നമലർ കാൺകെ,

തന്റേതല്ലാക്കിടാവിനെക്കണ്ട തള്ളയെപ്പോൽ
എന്റെ മുത്തശ്ശിക്കു പഴങ്കണ്ണ് കലങ്ങുന്നു!

ഒന്നുമറിയാതെയെങ്ങോ പൂത്തു കണിക്കൊന്ന
പിന്നെയും ഭൂനന്ദിനിതൻ അശ്രുവാർന്നപോലെ

എന്തൊരുഷ്ണ, മീവെയിലിൻ നീരൊഴുക്കിൽ നീന്തും
സ്വർണ്ണമത്സ്യജാലമിടതൂർന്നണഞ്ഞപോലെ,

എന്റെ നെഞ്ചിലെ കനലിൽ വീണെരിഞ്ഞ മോഹം
പിന്നെയും കിളുന്നു തൂവലാർന്നുയർന്നപോലെ

എങ്കിലുമീക്കണിക്കൊന്നയെന്തിനിന്നും പൂത്തു?
മണ്ണിലുണ്ടോ നന്മകൾതൻ തുള്ളികൾ വറ്റാതെ?

[നന്ദിനി - മകൾ
ജാലം - കൂട്ടം]

(ഒ.എൻ.വി. കുറുപ്പ്)

Two zero. Five four zero Seven

-oOo-